കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 31-07-2021

## സർക്കുലർ നം 50

വിഷയം:- ജയിലുകൾ - മിഷൻ 2030 - പദ്ധതി ശുപാർശകൾ ആവശ്യപ്പെടുന്നത് - സംബന്ധിച്ച്.

സൂചന:- (1) 21-04-2021ലെ ജി3/190/2021/നമ്പർ പ്രകാരമുള്ള സർക്കാർ കത്ത്.

(2) 31-05-2021ൽ ജയിൽ സ്ഥാപനമേധാവികളുമായി നടത്തിയ പ്രതിമാസയോഗം

........................ ..........................

സൂചന (1)ലെ സർക്കാർ കത്തിൽ ആവശ്യപ്പെട്ടതിൻ പ്രകാരം 2030ഓടുകൂടി ജയിൽ വകുപ്പിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച Mission-2030 ഡോക്യുമെന്റ് തയ്യാറാക്കിയിട്ടുള്ളതാകുന്നു. താഴെ പറയുന്ന പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | പദ്ധതി |
|---|---|
| 1 | വകുപ്പിനെ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുക (Complete Digitalization of the department). |
| 2 | അന്തേവാസികളുടെ മനുഷ്യ വിഭവശേഷി ഉപയോഗപ്പെടുത്തി കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുക (More Value added product) |
| 3 | അന്തേവാസികൾക്ക് മാന്യമായ ജീവിത സാഹചര്യം ഒരുക്കുക (Decent living condition for inmates). |
| 4 | പുതിയ റിമാന്റ് ജയിലുകൾ |
| 5 | ഓപ്പൺ ജയിലുകൾ / സെമി ഓപ്പൺ ജയിലുകൾ |
| 6 | ജയിൽ ആശുപത്രി സ്ഥാപിക്കുക, മാനസിക രോഗികളായ തടവുകാർക്കായി സാനറ്റോറിയം സ്ഥാപിക്കുക. |
| 7 | അന്തേവാസികളുടെ വേതനം പരിഷ്കരിക്കുക (Minimum Wages) |
| 8 | ജയിലുകളിലെ കറക്ഷണൽ വിംഗ് ശക്തിപ്പെടുത്തുക |
| 9 | ഉദ്യോസ്ഥർക്കുള്ള പരിശീലന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക |
| 10 | തിരുവനന്തപുരം സെൻട്രൽ പ്രിസൺ മാതൃകാ ജയിൽ ആക്കി മാറ്റുക |

സൂചന (2) പ്രകാരമുള്ള, 31-05-2021ൽ നടന്ന ജയിൽ സ്ഥാപനമേധാവികളുടെ യോഗത്തിൽ മിഷൻ-2030ൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ട പദ്ധതികൾ (1) അടുത്ത 4 വർഷത്തിനുള്ളിൽ നടപ്പിലാക്കുവാൻ സാധിക്കുന്നതും (2) തുടർന്നുള്ള 5 വർഷത്തിനുള്ളിൽ നടപ്പിലാക്കുവാൻ സാധിക്കുന്നതും എന്നിങ്ങനെ തരംതിരിച്ചുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത സാഹചര്യത്തിൽ മേൽ പറഞ്ഞ കാര്യങ്ങളിൽ, ക്രമ നം.2, 3, 4, 5, 9 എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു. മിഷൻ-2030 രേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

പകർപ്പ്: പി.ഒ / സൂപ്രണ്ട് (പി) / സി.എ ടു ഡി.ജി.പി & സി.എസ്/ സി.എ ടു ഡി.ഐ.ജി (HQ) / വെബ്സൈറ്റ് / കരുതൽ ഫയൽ